# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6021

## 02-04-2018 - ലെ മറുപടിക്ക്

### അക്കൗണ്ട് ഹെഡുകളും ആസ്തി വികസന ഫണ്ടും

| ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി |
|---|---|
| എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ വകുപ്പുകൾക്ക് കീഴിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എം.എൽ.എ.മാർ സമർപ്പിക്കുന്ന നിർദ്ദേശങ്ങളിൽ, പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിന് ചില 'അക്കൗണ്ട് ഹെഡുകൾ' ഉൾപ്പെടാത്തതിനാൽ, ധനകാര്യ വകുപ്പിന്റെ അനുമതി ലഭിയ്ക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ കഴിയുന്ന പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ വരുന്ന പ്രവൃത്തികൾ നടപ്പിലാക്കേണ്ട വകുപ്പ് ശീർഷകങ്ങൾ എല്ലാം തന്നെ ഫണ്ട് വിനിയോഗത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) യൂണിവേഴ്സിറ്റികൾ അടക്കം പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും അക്കൗണ്ട് ഹെഡുകൾ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിന് ഉൾപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ടോ? | ആസ്തി വികസന ഫണ്ടിന്റെ ലക്ഷ്യം ഓരോ നിയോജകമണ്ഡലങ്ങളിലും ഉള്ള 'ആസ്തി' യുടെ നിർവ്വചന പരിധിയിൽ വരുന്ന പ്രവൃത്തികൾക്കായുള്ള ധനവിനിയോഗമാണ്. ഇതിന്റെ പരിധിക്കുള്ളിൽ വരുന്ന വകുപ്പുകളുടെ അക്കൗണ്ട് ഹെഡുകൾ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിന് ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ